പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** 21.06.2018 - ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 3793

## പ്രവാസികൾക്കായി വ്യവസായ സംരംഭങ്ങൾ


ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി,

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്.

മറുപടി

**ശ്രീ. എ. സി. മൊയ്തീൻ**

**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**


(എ) വിദേശത്തു നിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസി കൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(എ) : വിദേശത്തു നിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പിൽ നിലവിലില്ല. വകുപ്പ് നടത്തുന്ന വിവിധ സംരംഭകത്വ സഹായ പദ്ധതികൾ വഴി നൽകുന്ന ആനുകൂല്യങ്ങൾ വിദേശത്തു നിന്നും മടങ്ങിയെത്തുന്ന തൊഴിൽ നൈപുണ്യമുള്ള പ്രവാസികൾക്കും ലഭ്യമാണ്.

(ബി) പ്രത്യേക പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ലെങ്കിൽ ലോക കേരള സഭയിലെ ഏതെങ്കിലും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുവാൻ എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

(ബി) : ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ നാട്ടിൽ തിരികെയെത്തുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ ഫലപ്രദമാകണമെന്ന് നിർദ്ദേശം ഉയർന്നു വന്നിരുന്നു. പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനും നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണത്തിലേയ്ക്കുമായി 23/04/2018-ലെ ജി.ഒ.(ആർ.ടി) നമ്പർ 290/2018/നോർക്ക നമ്പർ ഉത്തരവ് പ്രകാരം ഡോ. ആസാദ് മൂപ്പൻ ചെയർമാനായി സ്റ്റാൻഡിങ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അവർക്ക് തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് കുടുംബശ്രീ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്നീ വിജയിച്ച മാതൃകകൾ പിന്തുടർന്ന് സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.